ചികിത്സാ ധനസഹായങ്ങൾക്ക് സാക്ഷ്യപത്രം നൽകുന്നതിലുള്ള പ്രശ്നങ്ങൾ

46 (4329) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവർക്കു ചികിത്സാ ധനസഹായം നൽകുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ അധീനതയിലുള്ള സൊസൈറ്റികളിൽ അപേക്ഷ നൽകുന്നതിന്, സാക്ഷ്യപത്രം നൽകുവാൻ അധികാരപ്പെടുത്തിയ ആരോഗ്യ വകുപ്പ് അധികൃതർ ആരൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) മെഡിക്കൽ കോളേജുകൾ പോലുള്ള ആശുപത്രികളിലെ തിരക്കുമൂലം യഥാസമയം സാക്ഷ്യപത്രം ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന പ്രശ്നം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ;

(സി) ഈ പദ്ധതി പ്രകാരമുള്ള രോഗികൾക്ക് സാക്ഷ്യപത്രം നൽകുന്നതിന് PHC, CHC ഡോക്ടർമാർക്ക് അധികാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സൊസൈറ്റിയുടെ അംഗീകൃത ആശുപത്രികളിൽ രോഗിയെ ചികിത്സിക്കുന്ന ഡോക്ടർമാർക്കാണ് ചികിത്സാ സാക്ഷ്യപത്രങ്ങൾ നൽകാൻ അധികാരമുള്ളത്.

(ബി) ചികിത്സാ സാക്ഷ്യപത്രങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചികിത്സയേയും ചെലവുവന്ന തുകയേയും സംബന്ധിച്ച് വ്യക്തമായ സ്ഥിരീകരണം ലഭിക്കേണ്ടതുള്ളതിനാലും ആർ.എസ്.ബി.വൈ. യുടെ ചിസ് പ്ലസ് ആനുകൂല്യം ലഭിക്കുന്നുണ്ടോയെന്ന കാര്യം വെരിഫൈ ചെയ്യേണ്ടതിനാലും രോഗികൾക്ക് ചികിത്സാ സാക്ഷ്യപത്രം നൽകുന്നതിന് പി.എച്ച്.സി., സി.എച്ച്.സി. ഡോക്ടർമാർക്ക് അധികാരം നൽകുന്നത് പദ്ധതിയുടെ ലക്ഷ്യത്തിന് സഹായകരമല്ല.

കാൻസർ-കിഡ്നി രോഗികളുടെ എണ്ണം

47 (4330) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാൻസർ - കിഡ്നി രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ 2010 മുതലുള്ള കണക്ക് വ്യക്തമാക്കുമോ; ഇതു സംബന്ധമായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ എന്തായിരുന്നു ; വിശദമാക്കുമോ; ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാൻസർ-കിഡ്നി രോഗികളുടെ എണ്ണം സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. 2009 മുതൽ രജിസ്റ്റർ ചെയ്ത കാൻസർ രോഗികളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

എണ്ണപ്പാറ പി.എച്ച്.സി. യെ ടൈബൽ ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം

48 (4331) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എണ്ണപ്പാറ പി.എച്ച്.സി.യെ ടൈബൽ ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തിന്മേൽ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറിയുടെ നമ്പർ 54401/എം1/2013 തീയതി 13-12-2013 പ്രകാരമുള്ള കത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ റിപ്പോർട്ട് ലഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറുടെ 1-12-2014-ലെ സി 1-783/14 നമ്പർ കത്തുപ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly